(ബി) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികളിൽ 94 ഓളം പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും അതിൽ 26 ഓളം പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

കേന്ദ്ര നികുതിയിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം

200 (546) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രനികുതിയിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം 32% ത്തിൽ നിന്ന് 42% ആക്കുമ്പോൾ കേരളത്തിന് ലഭിക്കുന്ന വരുമാന വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും നികുതിയിനത്തിൽ വിഹിതമായി എത്ര തുക ലഭിച്ചു ;

(സി) വരുന്ന സാമ്പത്തിക വർഷം (2015-16) എത്ര തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) കേരളത്തിന്റെ ധനക്കമ്മി എത്രയാണ് ; ധനക്കമ്മി പരിഹരിക്കുവാൻ കേന്ദ്രസഹായം പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ എന്ത് സഹായമാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) കേരളത്തിന്റെ ധനക്കമ്മി ഏത് വർഷം പരിഹരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര നികുതിയിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം നിലവിലെ 32% ത്തിൽ നിന്നും 42% ആയി വർദ്ധിപ്പിക്കുമ്പോൾ 4149.26 കോടി രൂപയുടെ വർദ്ധനവ് 2015-16 വർഷം സംസ്ഥാനത്തിന് ഉണ്ടാകുമെന്ന് കണക്കാക്കുന്നു.

(ബി) 2014-15 സാമ്പത്തിക വർഷം നികുതി വിഹിത ഇനത്തിൽ (2-3-2015 വരെ) 7328.24 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(സി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷം കേന്ദ്ര നികുതി വിഹിതമായി 13121.77 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുമെന്ന് കണക്കാക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിന്റെ ധന കമ്മി 2014-15-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ജി.എസ്.ഡി.പി.-യുടെ 3.10% ആണ്. ധന കമ്മി പരിഹരിക്കുന്നതിന് കേന്ദ്ര വായ്പയിൽ തിരിച്ചടക്കാൻ ബാക്കിയുള്ള മുഴുവൻ തുകയും എഴുതി തള്ളുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ ധന കമ്മി പതിനാലാം ധനകാര്യ കമ്മീഷൻ 2015-20 കാലയളവിൽ ജി.എസ്.ഡി.പി.-യുടെ 3% ആയി നിശ്ചയിച്ചിട്ടുണ്ട്.

സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം

201 (547) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം നിലവിൽ എത്ര ശതമാനമാണ് ; 2011-12 മുതൽ 2014-15 വർഷം വരെ ഓരോ വർഷവും എത്ര തുക വീതം കേന്ദ്ര നികുതി വിഹിതം ഇനത്തിൽ ലഭിക്കുകയുണ്ടായി ; ഓരോ വർഷവും ലഭിച്ച തുക എത്ര കോടി വീതമായിരുന്നു ;

(ബി) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശയിന്മേൽ കേന്ദ്ര ഗവൺമെന്റ് എടുത്ത തീരുമാനത്തിന്റെയടിസ്ഥാനത്തിൽ, സംസ്ഥാനത്തിന് ലഭിക്കുമെന്ന് കരുതുന്ന കേന്ദ്ര നികുതി വിഹിതം എത്ര ശതമാനമാണ് ; അപ്രകാരം 2015-16 വർഷത്തിൽ ലഭിക്കുമെന്ന് കരുതാവുന്ന കേന്ദ്ര നികുതി വിഹിതം എത്ര കോടിയായിരിക്കും ;

(സി) ജി.എസ്.ടി. നടപ്പിലാക്കുമ്പോഴുണ്ടാകുന്ന 2015-16-ലെ നഷ്ടം എത്ര കോടിയായിരിക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കേന്ദ്ര തനതു നികുതി വരുമാനത്തിന്റെ 32% ആണ് നിലവിൽ സംസ്ഥാനങ്ങൾക്കായി ശിപാർശ ചെയ്തിട്ടുള്ളത്. ഇതിൽ കേരളത്തിന്റെ വിഹിതം 2.341% ആണ് :

2011-12 - 5990.36 കോടി രൂപ

2012-13 - 6840.65 കോടി രൂപ

2013-14 - 7468.68 കോടി രൂപ

2014-15 - 7328.24 കോടി രൂപ (2-3-2015 വരെ)

LIBRARY ARCHIVES Kerala Legislative Assembly